ക്രിസ്ത്യൻ ലൈവ് DAILY
ON THE BATTLEFIELD FOR THE GREAT COMMISSION
05 MARCH 2024 | VOL 03 | ISSUE 064 | 763



MAR
05

QUOTES OF DAYS

ഭാഷ ഒരു വിശുദ്ധമായ വസ്തുവാണ്. ജീവിതത്തിൽ നിന്ന് അതു രൂപം കൊള്ളുന്നു. ജീവിതത്തിന്റെ ദുഃഖങ്ങൾ സന്തോഷങ്ങൾ, അവന്റെ ആവശ്യങ്ങൾ എന്നിവയിൽ നിന്നും അവ ഉടലെടുക്കുന്നു. ഓരോ ഭാഷയും അത് സംസാരിക്കുന്ന ആളുകളുടെ ആത്മാവ് പ്രദർശിപ്പിക്കപ്പെട്ട ദിവ്യ ക്ഷേത്രങ്ങളാണ്.
**ഗോംസ്**

# ലത്തീൻ സമൂഹത്തെ അടുപ്പിക്കാൻ സംസ്ഥാന സർക്കാരിന്റെ തീവ്രശ്രമം


## വിഴിഞ്ഞം സമരത്തെ തുടർന്നുള്ള കേസുകൾ പിൻവലിക്കാതെ മുന്നോട്ടില്ലെന്ന് ലത്തീൻ കത്തോലിക്ക സഭ.



തിരുവനന്തപുരം: ലോക്സഭാ തിരഞ്ഞെടുപ്പിന് മുന്നോടിയായി ലത്തീൻ സമൂഹത്തെ അടുപ്പിക്കാൻ സംസ്ഥാന സർക്കാരിന്റെ തീവ്രശ്രമം.

എന്നാൽ വിഴിഞ്ഞം സമരവുമായി ബന്ധപ്പെട്ട കേസുകൾ പിൻവലിക്കാതെ മുന്നോട്ടില്ലെന്ന നിലപാടിൽ ഉറച്ചുനിൽക്കുകയാണ് ലത്തീൻ കത്തോലിക്ക സഭ. ഇടഞ്ഞുനിൽക്കുന്ന സഭാ നേതൃത്വവുമായി സർക്കാർ ഇതിനോടകം അനുരഞ്ജന ചർച്ച തുടങ്ങിക്കഴിഞ്ഞു.

ലത്തീൻ കത്തോലിക്ക സഭയും സംസ്ഥാന സർക്കാരുമായി അകന്നത് വിഴിഞ്ഞം സമരത്തോടെയാണ്. നവകേരളയാത്രക്കിടെ ഡിവൈഎഫ്ഐ പ്രവർത്തകർ നടത്തിയ അക്രമത്തെ പരസ്യമായി വിമർശിച്ച് കഴിഞ്ഞ ക്രിസ്മസ് ദിനത്തിലും ലത്തീൻ സഭ സർക്കാരിനെതിരെ പരസ്യനിലപാട് എടുത്തിരുന്നു. ലോക്സഭാ തിരഞ്ഞെടുപ്പ് പടിക്കലെത്തിയതോടെ ഈ പിണക്കം മാറ്റാൻ പരിശ്രമം ആരംഭിച്ചിരിക്കുകയാണ് സർക്കാർ. മുഖ്യമന്ത്രിയുടെ ഓഫീസിലെ ഉന്നതന്റെ സാന്നിധ്യത്തിലായിരുന്നു കഴിഞ്ഞ ദിവസം വെള്ളയമ്പലം ബിഷപ്പ് ഹൗസിൽ നടന്ന അനുരഞ്ജന ചർച്ച. എന്നാൽ ആദ്യ ചർച്ച ഫലം കണ്ടില്ല. വിഴിഞ്ഞം സമരവുമായി ബന്ധപ്പെട്ട് ആർച്ച് ബിഷപ്പിനെതിരെ ഉൾപ്പടെ എടുത്ത കേസുകൾ പിൻവലിക്കുന്നതിൽ തീരുമാനമായിട്ടില്ല. അനുരഞ്ജന ചർച്ച ഇനിയും തുടരും. തിരുവനന്തപുരം ലോക്സഭാ മണ്ഡലത്തിൽ സഭയുടെ നിർണായക സ്വാധീനം കൂടി കണ്ടാണ് സർക്കാർ പ്രശ്നപരിഹാരത്തിന് കൊണ്ടുപിടിച്ച ശ്രമം നടത്തുന്നത്. സംസ്ഥാനത്തെ ഇതര ക്രൈസ്തവ സഭകളെ എന്നപോലെ ലത്തീൻ സഭയെ അടുപ്പിക്കാൻ ബി.ജെ.പി ശ്രമിക്കുന്നുണ്ടെന്നതും സർക്കാർ നീക്കത്തിന് പിന്നിലുണ്ട്.



**CARTOON:**




One message you never want to receive from God is, 'I told you so'!

EDITORIAL BOARD
പത്രാധിപസമിതി

**ചീഫ് എഡിറ്റർ**
ബ്ലസിൻ ജോൺ മലയിൽ

**മാനേജിംഗ് എഡിറ്റർ**
അജി കെ ജോർജ്ജ്

**പബ്ലിഷർ**
നെൽസൺ ജോർജ്ജ്

**എഡിറ്റർമാർ**
പാ. ഷിബു തോമസ്, ഒഖ്ലഹോമ
പാ. ലിജോ കെ ജോസഫ്
പാ. ടൈറ്റസ് ജോൺസൻ
പാ. സജോ തോണിക്കുഴിയിൽ
ജോജി ഐപ്പ് മാത്യൂസ്
സിഞ്ചു മാത്യു നിലമ്പൂർ

ക്രിസ്ത്യൻ ലൈവ് DAILY
പരസ്യ നിരക്ക്

| | |
|---|---|
| **FULL PAGE** | |
| Front Page | Rs.5000/- |
| Back Page | Rs.4000/- |
| Inside Page | Rs.3000/- |
| **HALF PAGE** | |
| Front Page | Rs.2500/- |
| Back Page | Rs.2000/- |
| Inside Page | Rs.1500/- |
| **QUARTER PAGE** | |
| Front Page | Rs.1250/- |
| Back Page | Rs.1000/- |
| Inside Page | Rs.750/- |
| **HALF OF QUARTER PAGE** | |
| Front Page | Rs.750/- |
| Back Page | Rs.250/- |
| Inside Page | Rs.500/- |

ഒരേ സമയത്ത് ഒന്നിലേറെ ദിവസങ്ങളിൽ പരസ്യങ്ങൾ നൽകുന്നവർക്ക് പ്രത്യേക ഇളവുകൾ ഉണ്ടായിരിക്കും

## വാഗ്ദത്ത വചനം

**മാർച്ച് 05**

'നീ അവരെ ഭയപ്പെടേണ്ടാ, നിന്റെ രക്ഷയ്ക്ക് നിന്നോടു കൂടെ ഞാനുണ്ട്; കർത്താവാണിത് പറയുന്നത്'. (യിര. 1 : 8 )



ജെയ്സ് പാണ്ടനാട്

# ഞങ്ങളുടെ പൊന്നു മോനെ അവരെല്ലാം ചേർന്ന് അടിച്ചു കൊന്നു കെട്ടിത്തൂക്കി..!

ഇത് നടന്നത് ഖാപ്പ് പഞ്ചായത്ത് നിലനിൽക്കുന്ന ഉത്തര  ഇന്ത്യയിൽ അല്ല. ആൾക്കൂട്ട വിചാരണ നടത്തി, നഗ്നയാക്കി , ബെൽറ്റ് കൊണ്ട് അടിച്ച് , കൊന്നു തള്ളി. നടന്നത് പ്രബുദ്ധ കേരളത്തിൽ...

നമ്മുടെ കലാലയങ്ങളിൽ അക്രമ, അരാജക പ്രവണതകളിൽ നിന്ന്  വിദ്യാർത്ഥികളെ മോചിപ്പിക്കാൻ അധ്യാപകർക്കും രക്ഷിതാക്കൾക്കും ഒപ്പം  രാഷ്ട്രീയ നേതൃത്വവും മുന്നിട്ടിറങ്ങിയെ  മതിയാകൂ. സാമാന്യബോധം പോലും ഇല്ലാതെ തോന്നിയത് പോലെ  പെരുമാറുന്ന പ്രവർത്തകരെ  ഉത്തരവാദിത്ത ബോധമുള്ള  സംഘടനാ നേതൃത്വങ്ങൾ ഒരു വിധത്തിലും സംരക്ഷിക്കാൻ പാടില്ല.

'ഞങ്ങളുടെ പൊന്നുമോനെ അവരെല്ലാം ചേർന്ന് അടിച്ചു കൊന്നു കെട്ടിത്തൂക്കിയതാണ് ' എന്ന് പറഞ്ഞു കരയുന്ന സിദ്ധാർഥന്റെ അമ്മയുടെ നിലവിളി നമ്മുടെ സമൂഹം കേൾക്കേണ്ടതുണ്ട്. കൃത്യമായ അന്വേഷണം ഉണ്ടാകണം. മാതൃകാപരമായ കർശന നടപടികൾ ഉണ്ടാകണം. ഇത്തരം സംഭവങ്ങൾ ഇനിയൊരിക്കലും ഉണ്ടാകില്ലെന്ന് ഉറപ്പാക്കുകയും വേണം.

ക്യാമ്പസ് അധികൃതരുടെയും സർക്കാരിന്റെയും സമൂഹത്തിന്റെയും സർക്കാരിന്റെയും നിതാന്ത ജാഗ്രത  ഉണ്ടാകണം. ക്രൂരത ചെയ്താൽ കടുത്ത ശിക്ഷ ലഭിക്കുമെന്ന സ്ഥിതിയും സ്ഥിതിയും നിലവിൽ വന്നാൽ മാത്രമേ ഇത്തരം കലാലയ തിന്മകളുടെ വേരറക്കാനാകൂ.

റാഗിംഗ് ഒരു രീതിയിലും വച്ച് പൊറുപ്പിക്കില്ല എന്ന് എല്ലാ വിദ്യാർത്ഥി സംഘടനകളും സംയുക്തമായി തീരുമാനിക്കാൻ ഇനിയും വൈകരുത്. റാഗിംഗ് ഒരു രീതിയിലും തമാശ അല്ല.

റാഗിംഗ് ഒരു അനുഭവമാണ് എന്നൊക്കെ പറയുന്നവർ ഒന്ന് ഓർക്കുക. പഴയ ദുരനുഭവങ്ങൾ ഇന്നും ദുസ്വപ്നം ആയിട്ടുള്ള മനുഷ്യർ ഒരുപാട് ഉണ്ട്.

നിരവധി ചോദ്യങ്ങൾ ഉയർത്തുന്ന സിദ്ധാർഥന്റെ മരണം  നമുക്ക് ഒരു പാഠമാവട്ടെ...

നീതിക്ക് വേണ്ടി പോരാടുന്ന സിദ്ധാർഥന്റെ  കുടുംബത്തോടൊപ്പം..

ഹെസ്സെ പറഞ്ഞതാണ് ശരി.
' അവശ്യ സന്ദർഭങ്ങളിൽ മൃഗങ്ങൾ നൈസർഗിക പ്രവർത്തങ്ങളാൽ മനുഷ്യനെക്കാൾ ഉയർന്നവരായി കാണപ്പെടും!! '
ഇവിടെ മൃഗത്തെക്കാൾ എത്രയോ പിന്നിലായിപ്പോയി യുവത !.

മനുഷ്യനാകണം....
മനുഷ്യനാകണം...

## യൂറോപ്പിലെ വിവിധ രാജ്യങ്ങൾക്കായും നമുക്ക് പ്രാർത്ഥിക്കാം

ഇന്ന് പ്രാർത്ഥിക്കേണ്ട രാജ്യം:

## ലിച്ചെൻസ്റ്റീൻ

| | | |
|---|---|---|
| തലസ്ഥാനം | : | വഡൂസ് |
| ഭാഷ | : | ജർമ്മൻ |
| ജനസംഖ്യ | : | 40000 |
| പ്രസിഡണ്ട് | : | ദാനിയേൽ റിഷ് |
| മതം | : | ക്രിസ്ത്യൻ |

നിരീശ്വരവാദത്തിന്റെ  അർത്ഥമില്ലായ്മ ജനം മനസിലാക്കാനും നിത്യ ജീവനെ കുറിച്ചുള്ള കാഴ്ചപ്പാട് അവർ പ്രാപിക്കാനായും പ്രാർത്ഥിക്കുക.

യഥാർത്ഥ രക്ഷകന്റെ ആവശ്യകതയെ കുറിച്ച് രാജ്യത്തെ ജനം മനസിലാക്കണം. പ്രാർത്ഥിക്കുക. ക്രിസ്തുവിൽ താൽപ്പര്യമില്ലാത്തവരും മതമില്ലാത്തവരും ധാരാളമുണ്ട്.

സാമ്പത്തിക ഭദ്രതയുള്ളവർ ധാരാളം. പക്ഷേ ധാർമ്മികത ഇല്ലാത്ത ജീവിതം . സ്വന്തം അപചയം കാണേണ്ടതിനായി ആന്തരിക കണ്ണുകൾ തുറക്കണം. അവരിലേക്ക് ശാശ്വതമായ  പ്രകാശം എത്തണം. പ്രാർത്ഥിക്കുക

ക്രിസ്ത്യൻ ലൈവ് DAILY
ON THE BATTLEFIELD FOR THE GREAT COMMISSION
03
05 MARCH 2024
VOL 03 | ISSUE 064 | 763

# ബുർക്കിനാ ഫാസോയിൽ 170 പേർ കൊല്ലപ്പെട്ടു



വാഗഡുഗു: പടിഞ്ഞാറൻ ആഫ്രിക്കൻ രാജ്യമായ ബുർക്കിനാ ഫാസോയിൽ ഒരാഴ്ച മുൻപ് സായുധ ഗ്രൂപ്പുകൾ മൂന്ന് ഗ്രാമങ്ങൾ ആക്രമിച്ച് 170 പേരെ വധിച്ചു. യാതെംഗ പ്രവിശ്യയിലെ കോംസിൽഗ, നോർഡിൻ, സോറോ ഗ്രാമങ്ങളിൽ ഫെബ്രുവരി 25നാണ് ആക്രമണമുണ്ടായതെന്ന് പബ്ലിക് പ്രോസിക്യൂട്ടർ അലി ബഞ്ചമിൻ കൂലിബാളി അറിയിച്ചു. അന്വേഷണം ആരംഭിച്ചുവെന്നും അന്വേഷകരെ സഹായിക്കാൻ സാക്ഷികൾ മുന്നോട്ടു വരണമെന്നും അദ്ദേഹം അഭ്യർഥിച്ചു. ഏതു ഗ്രൂപ്പാണ് ആക്രമണം നടത്തിയതെന്നു വ്യക്തമായിട്ടില്ല. കുറച്ചു ദിവസങ്ങൾക്ക് മുമ്പ് തീവ്രവാദികൾ വടക്കുകിഴക്കൻ ബുർക്കിനാ ഫാസോയിലെ കത്തോലിക്കാപ്പള്ളിയിൽ ഞായറാഴ്ച കുർബാനയ്ക്കിടെ നടത്തിയ ആക്രമണത്തിൽ 15 വിശ്വാസികൾ കൊല്ലപ്പെട്ടിരുന്നു. അന്നു തന്നെ കിഴക്കൻ ബുർക്കിനാ ഫാസോയിലെ മോസ്കിലുണ്ടായ ആക്രമണത്തിൽ ഡസൻകണക്കിന്നു പേരും കൊല്ലപ്പെട്ടു. 2022 മുതൽ പട്ടാളം ഭരിക്കുന്ന ബുർക്കിനാ ഫാസോയുടെ മൂന്നിലൊന്നും സായുധ സംഘങ്ങളുടെ നിയന്ത്രണത്തിലാണ്.

# ത്രിദിന വേദപഠന ക്ലാസിന് തുടക്കം

പിറവം : ഐ പി സി പിറവം സെന്ററിന് കീഴിലുള്ള ശാലോം കാരിക്കോട് സഭയിൽ 04 മുതൽ 06 വരെ വൈകിട്ട് ഏഴു മുതൽ 9 വരെ ബൈബിൾ ക്ലാസ്സുകൾ നടക്കും .ഐ പി സി പിറവം സെന്റർ മിനിസ്റ്ററും, പവർ വിഷൻ ടി വി പ്രഭാഷകനുമായ പാ. ബാബു ചെറിയാൻ 'ദൈവസഭയും പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങളും' എന്ന വിഷയത്തെക്കുറിച്ച് ക്ലാസ്സുകൾ നയിക്കും. പാ. ലിജിൻ അറയ്ക്കൽ ശുശ്രൂഷകൾക്കു നേതൃത്വം വഹിക്കും. കൂടുതൽ വിവരങ്ങൾക്ക് : 9961315577



# ക്രിസ്ത്യൻ സഭകളുടെ സ്വത്തുക്കൾ സംരക്ഷിക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്; തെലങ്കാന മുഖ്യമന്ത്രി രേവന്ത് റെഡ്ഡി

തെലങ്കാന : ക്രിസ്ത്യൻ സഭകളുടെ സ്വത്തുക്കൾ സംരക്ഷിക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് തെലങ്കാന മുഖ്യമന്ത്രി രേവന്ത് റെഡ്ഡി . വിവിധ ക്രിസ്ത്യൻ സംഘടനാ പ്രതിനിധികളുമായി മുഖ്യമന്ത്രി എ.രേവന്ത് റെഡ്ഡി നടത്തിയ ചർച്ചയിൽ ക്രിസ്ത്യൻ സമൂഹത്തെ ബാധിക്കുന്ന വിഷയങ്ങൾ ചർച്ച ചെയ്തു. ക്രൈസ്തവ സ്വത്തുക്കൾ സംരക്ഷിക്കുന്നതിനുള്ള സർക്കാരിന്റെ പ്രതിജ്ഞാബദ്ധത ഉറപ്പു നൽകാൻ രേവന്തിനെ പ്രേരിപ്പിച്ച പ്രതിനിധി സംഘം പള്ളിയുടെ സ്വത്തുക്കൾ സംരക്ഷിക്കുന്നതിനെക്കുറിച്ച് ആശങ്ക ഉന്നയിച്ചു. ആശങ്കകൾ നേരിട്ട് മനസ്സിലാക്കാനും പരിഹരിക്കാനുമുള്ള തന്റെ പ്രതിബദ്ധത അടിവരയിട്ട്, ഉടൻ തന്നെ മേഡക്കിലെ പള്ളി സന്ദർശിക്കാനുള്ള പദ്ധതി അദ്ദേഹം പ്രഖ്യാപിച്ചു.

# യോഗി ആദിത്യനാഥിന് വധഭീഷണി



യു പി : ഉത്തർപ്രദേശ് മുഖ്യമന്ത്രി യോഗി ആദിത്യനാഥിന് വധഭീഷണി. യോഗി ആദിത്യനാഥിനെ ബോംബിട്ട് വധിക്കുമെന്നായിരുന്നു ഭീഷണി ഉണ്ടായത്. അതേ സമയം ഭീഷണിക്ക് പിന്നിൽ ആരാണെന്ന് ഇതുവരെ വ്യക്തമല്ല.തലസ്ഥാനമായ ലഖ്നൗവിലെ പോലീസ് കൺട്രോൾ റൂമിലേക്കാണ് ഭീഷണി കോൾ എത്തിയത്. പോലീസ് കൺട്രോൾ റൂമിലെ സിയുജി നമ്പറിലാണ് കോൾ വന്നത്. ഭീഷണിയെ തുടർന്ന് കൺട്രോൾ റൂമിൽ പോസ്റ്റിട്ട പോലീസുകാരൻ ഉടൻ തന്നെ ഭീഷണി നമ്പറിനെക്കുറിച്ച് പരാതി നൽകുകയായിരുന്നു. പോലീസ് ഈ വിഷയത്തിൽ അന്വേഷണം നടത്തിവരുകയാണ്.

# നിയമലംഘനം : 25 റിക്രൂട്ട്മെന്റ് ഓഫീസുകൾക്കെതിരെ നടപടി



റിയാദ് : വിവിധ നിയമലംഘനങ്ങൾ കണ്ടെത്തിയതിനെ തുടർന്ന് ഗാർഹിക ജോലിക്കാരെ റിക്രൂട്ട്മെന്റ് ചെയ്യുന്ന 25 ഓഫീസുകൾക്കെതിരെ നടപടിയെടുത്തതായി മാനവശേഷി സാമൂഹിക വികസന മന്ത്രാലയം അറിയിച്ചു. റിക്രൂട്ട്മെന്റ് ഓഫീസുകളുടെ പ്രവർത്തനവും സേവനവും മികച്ചതാക്കാനും കാര്യക്ഷമത വർധിപ്പിക്കാനുമാണ് നടപടിയെന്ന് മന്ത്രാലയം വിശദീകരിച്ചു. ഉപഭോക്താക്കൾക്ക് അർഹമായ പണം തിരികെ നൽകാത്തതും ജോലിക്കാരെ നിയമവിരുദ്ധമായി തൊഴിലിന് നിയമിക്കുന്നതും മുസാനിദ് പ്ലാറ്റ്ഫോമിന് പുറത്ത് പണമിടപാട് നടത്തുന്നതുമാണ് ഓഫീസുകൾക്കെതിരെ കണ്ടെത്തിയ നിയമലംഘനങ്ങൾ. ഇരുപത്തിയൊന്ന് ഓഫീസുകളുടെ ലൈസൻസുകൾ റദ്ദാക്കുകയും നാലു ഓഫീസുകളുടെ പ്രവർത്തനം മരവിപ്പിക്കുകയും ചെയ്തിട്ടുണ്ട്. റിക്രൂട്ട്മെന്റ് മേഖലയിലെ നിയമവിരുദ്ധ പ്രവർത്തനങ്ങൾ അവസാനിപ്പിക്കുന്നതിന് മന്ത്രാലയം നിരന്തരം പരിശോധന നടത്തിവരികയാണ്. നിശ്ചിതസമയത്ത് റിക്രൂട്ട്മെന്റ് നടപടികൾ പൂർത്തിയാക്കാത്തതും കടുത്ത നിയമലംഘനമായാണ് മന്ത്രാലയം കാണുന്നത്. നിയമലംഘനങ്ങൾ കണ്ടെത്തിയാൽ അറിയിക്കണമെന്നും മന്ത്രാലയം അറിയിച്ചു. കഴിഞ്ഞാഴ്ച മുപ്പതോളം ഓഫീസുകൾക്കെതിരെ നടപടി സ്വീകരിച്ചിരുന്നു.

# കൊച്ചി രൂപതക്കു പുതിയ അഡ്മിനിസ്ട്രേറ്റർ

കൊച്ചി: കൊച്ചി ലത്തീൻ രൂപതയുടെ അധ്യക്ഷൻ ഡോ. ജോസഫ് കരിയിൽ വിരമിച്ചു. 75 വയസ് പൂർത്തിയായതിനെത്തുടർന്ന് ഇദ്ദേഹം നൽകിയ രാജിക്കത്തിന് ഫ്രാൻസിസ് മാർപാപ്പ അംഗീകാരം നൽകുകയായിരിന്നു. പുതിയ മെത്രാനെ നിയമിക്കുന്നതുവരെ കൊച്ചി രൂപതയുടെ അഡ്മിനിസ്ട്രേറ്ററായി മോൺ. ഷൈജു പര്യാത്തുശേരിയെ നിയമിച്ചിട്ടുണ്ട്. ആലുവ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരിയിലാണ് തത്വശാസ്ത്രപഠനവും ദൈവശാസ്ത്രപഠനവും പൂർത്തിയാക്കിയത്.

## ബൈബിളിലെ വനിതകൾ

# അബീഗയിൽ വിവേകമുള്ള ഭാര്യ



സിസ്റ്റർ നീതു നിശാന്ത്
ഷാർജ

കാലേബ് വംശക്കാരൻ ആയിരുന്ന നാബാലിന്റെ ഭാര്യയായിരുന്നു അബീഗയിൽ. അവൾ നല്ല വിവേകമുള്ളവളും സുന്ദരിയും ആയിരുന്നു. എന്നാൽ തന്റെ ഭർത്താവ് ഒരു നിഷ്ഠൂരനും ദുഷ്കർമ്മിയും ആയിരുന്നിട്ടും ആ സ്വഭാവത്തിൽ ഒന്നു യോജിച്ചു പോകാതെ അവളിൽ ഉണ്ടായിരുന്ന നല്ല ഗുണത്തെ അവൾ എന്നും കാത്തുസൂക്ഷിച്ചു.

ദാവീദിനോട് അവളുടെ ഭർത്താവ് നന്ദികേട് കാണിക്കുകയും അത് നിമിത്തം തന്റെ കുടുംബത്തിലേക്ക് കടന്നുവന്ന വലിയൊരു ആപത്തിനെ അവളുടെ ബുദ്ധിപരമായ ഇടപെടൽ കൊണ്ട് നീക്കി കളവാൻ അവൾക്ക് കഴിഞ്ഞു. സാഹചര്യങ്ങളുടെ സംഘർഷങ്ങൾ അവളുടെ ഹൃദയത്തിൽ അലയടിക്കുമ്പോഴും കൊല്ലാൻ വന്ന ദാവീദിനും അവന്റെ ബാല്യക്കാർക്കും വേണ്ടി സ്വന്തം കൈകൾ കൊണ്ട് ഭക്ഷണം പാകം ചെയ്ത് അവരെ സ്വീകരിക്കാൻ കാണിച്ച അവളുടെ മനോധൈര്യം എടുത്തു പറയേണ്ട ഒരു കാര്യം തന്നെയാണ്. ഭക്ഷണം കൊടുക്കുക മാത്രമല്ല തന്റെ ഭർത്താവ് ചെയ്ത കുറ്റം അയാൾ പോലും അറിയാതെ അവൾ സ്വയം ഏറ്റെടുക്കുകയും അതിനു ദാവീദിനോട് ക്ഷമ ചോദിക്കുകയും ചെയ്തു. പ്രതികാരദാഹിയായി വന്ന ദാവീദിന്റെ ഹൃദയത്തെ പോലും തിരിക്കുന്ന രീതിയിലുള്ള ഇടപെടൽ ദൈവം അവളിലൂടെ നടത്തുകയും ചെയ്തു. അങ്ങനെ പ്രതികാരം യഹോവക്ക് ഉള്ളതാണെന്ന വലിയൊരു തിരിച്ചറിവ് അവളിലൂടെ ദാവീദിന് ലഭിച്ചു. നാബാലിന്റെ മരണശേഷം ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ട ഇസ്രായേലിന്റെ രാജാവായ ദാവീദിന്റെ ഭാര്യ എന്ന സ്ഥാനത്തിലേക്ക് ദൈവം അവളെ കൊണ്ടെത്തിച്ചു.

പലപ്പോഴും എന്ത് ചെയ്യണം എന്ന് അറിയാതെ പകച്ചു പോകുന്ന പല സാഹചര്യങ്ങളും നമ്മുടെ മുമ്പിലും വരാറുണ്ട് അവിടെയൊക്കെ വിവേകത്തോടെ പ്രവർത്തിക്കാനും പെരുമാറാനും നമുക്ക് കഴിയുമെങ്കിൽ വലിയൊരു അനുഗ്രഹത്തിലേക്ക് ദൈവം നമ്മളെയും കൈപിടിച്ചു കയറ്റും. പ്രശ്നങ്ങൾ സൃഷ്ടിക്കുന്നവർ ആയിട്ടല്ല മറിച്ച് അതിനെ പരിഹരിക്കുന്നവർ ആയി മാറാൻ ആണ് നമ്മൾ ശ്രമിക്കേണ്ടത്.

# 11 ട്രെയിനുകൾ റദ്ദാക്കി

ബെംഗളൂരു : കെങ്കേരി - ഹെജ്ജാല സ്റ്റേഷനുകൾക്കിടയിൽ ലെവൽ ക്രോസിങ് ഗേറ്റിൽ അറ്റകുറ്റപ്പണി നടക്കുന്നതിന്റെ ഭാഗമായി ഈ മാസം ആറിനും 13നും ഇടയിലുള്ള ദിവസങ്ങളിൽ ചില ട്രെയിനുകൾ പൂർണമായും മറ്റുചിലത് ഭാഗികമായും റദ്ദാക്കിയതായി ദക്ഷിണ പശ്ചിമറെയിൽവേ അറിയിച്ചു. മൈസൂരു - കെ.എസ്.ആർ. ബെംഗളൂരു മെമു സ്പെഷ്യൽ ട്രെയിനാണ് മാർച്ച് 7,12 തീയതികളിൽ ചന്നപട്ടണയ്ക്കും കെ.എസ്.ആർ. ബെംഗളൂരു സ്റ്റേഷനുമിടയിൽ ഭാഗികമായി റദ്ദാക്കിയത്. ചില ട്രെയിനുകളുടെ സമയക്രമത്തിൽ മാറ്റം വരുത്തിയിട്ടുണ്ട്.

ചിരിക്കാനും ചിന്തിക്കാനും

# സ്റ്റാൻഡ്അപ്പ് കോമഡി !



ജോയി മാത്യു

'ഒരു ചിരി ഇരു ചിരി ബംബർ ചിരി...'
നിങ്ങൾ കാണുമോ എന്നെ നിക്കറിഞ്ഞുകൂടാ,
ഞാൻ കാണാറുണ്ട്.
മഴവിൽ മനോരമയുടെ ജനപ്രിയ കോമഡി പ്രോഗ്രാമാണ്...
മൂന്നു പേരാണ് ജഡ്ജസ്...
സിനിമാതാരങ്ങളായ
മഞ്ജു, സാബു, നസീർ
എന്നിവരാണവർ!
ഒരാൾ ചിരിച്ചാൽ അയ്യായിരം രൂപ,
രണ്ടുപേർ ചിരിച്ചാൽ പതിനയ്യായിരം,
മൂന്നാമത്തെയാൾ ചിരിച്ചാൽ അൻപത്തിനായിരം!!
അതുകഴിഞ്ഞാൽ
ഗോൾഡൻ ബെസർ,
ഒരു ലക്ഷം!

ഷോ ചെയ്യുന്ന ആൾ വിധികർത്താക്കളെ ചിരിപ്പിക്കണം എന്നുള്ളതാണ് അവരുടെ ടാസ്ക്...
ചിലരുടെ കോമഡി കേട്ടാൽ ചിരിക്കില്ല എന്ന് മസില് പിടിച്ചിരിക്കുന്നവർ പോലും ചിരിച്ചു പോകും...
തമാശ തമാശയായി തന്നെ ആസ്വദിക്കണം...

നമ്മുടെ സമൂഹത്തിലെ ചില സ്റ്റാൻഡ്അപ്പ് കോമഡികളെ കുറിച്ച് ഈയാഴ്ച പങ്കുവയ്ക്കാൻ താല്പര്യപ്പെടുന്നു...
പലതും 'നാവ് പിഴകളാണ്' (Slip of tongue)
അത് ആർക്കും സംഭവിക്കാം...

ആരും പരിഭവിക്കാതിരിക്കാൻ കഥ എന്റെ അപ്പനിൽ നിന്ന് തന്നെ തുടങ്ങാം...
വിശുദ്ധ സഭായോഗത്തിന്റെ അവസാന പ്രസംഗം..
ജനങ്ങളെല്ലാം നല്ല ആത്മീയ മൂഡിൽ!

'നമുക്കൊരു വാക്യം വായിക്കാം,
വെളിപ്പാട് പുസ്തകം ഇരുപത്തി രണ്ടാം അദ്ധ്യായം,
എന്ന് പറയുന്നതിനു പകരം അപ്പൻ പറഞ്ഞത് കേൾക്കണോ?

'വെളിപ്പാട് പുസ്തകം ഇരുപത്തി രണ്ടാം തീയതി'
ആദ്യം ചിരിച്ചത് ഞാൻ...!
അപ്പൻ പറഞ്ഞത് കേട്ട് ആദ്യം ഞാൻ ചിരിച്ചാൽ മറ്റുള്ളവരുടെ കാര്യം പിന്നെ പറയണോ.....

നോർത്ത് ഇന്ത്യയിലെ പ്രസിദ്ധമായ ഒരു കൺവെൻഷൻ,
അവസാന ദിവസം പ്രസംഗിക്കുന്നത് സുരേഷ് ബാബു.
പ്രാർത്ഥിച്ച് ആശിർവാദം പറയുന്നതിന് മുമ്പ് നാളത്തെ പ്രോഗ്രാമിനെ കുറിച്ച് പാസ്റ്റർ അനൗൺസ് ചെയ്യുകയാണ്,
നാളെ എല്ലാവരും നേരത്തെ തന്നെ വരണം..
നാളത്തെ പ്രസംഗകൻ സുപ്രസിദ്ധ കൺവെൻഷൻ പ്രസംഗകൻ
'സുരേഷ് ഗോപി' ആയിരിക്കും...
ചിലർക്ക് ആവേശം കേറുമ്പോൾ നാക്കുപിഴക്കാറുണ്ട്.
ചിലർക്ക് സഭാകമ്പം ഉണ്ടാകുമ്പോഴാണ്,
മറ്റു ചിലർക്ക് ആകട്ടെ ഇത് ജന്മസിദ്ധവുമാണ്.

ഈ കുറിപ്പ് എഴുതുന്നതിനു മുമ്പ് മറ്റു ചില സ്നേഹിതരുമായി സംസാരിച്ചപ്പോൾ അവർ പങ്കുവെച്ച സമാനമായ ചില സംഭവങ്ങൾ കൂടെ വിവരിക്കാം.
അതും കൺവെൻഷന്റെ അനൗൺസ്മെന്റ് ആണ്...
നാളെ നമ്മോട് ദൈവവചനം പങ്കുവയ്ക്കുന്നത് ബഹുമാനപ്പെട്ട 'പുതുപ്പച്ചൻ അള്ളി' ആണ്.
പുതുപ്പള്ളി അച്ചൻ എന്നാണ് ഉദ്ദേശിച്ചത്.
എന്റെ ചെറുപ്പത്തിൽ തിരുവല്ലയിൽ ഒരു മീറ്റിംഗിൽ ഞാൻ കേട്ടത് മറ്റൊരു പേരാണ്...
നാളത്തെ പ്രസംഗകൻ ബഹുമാനപ്പെട്ട പാസ്റ്റർ ഈ.സി.വിട്ടി അവറുകളാണ്...

ഈ കുറിപ്പ് ഇന്ന് എഴുതാൻ കാരണം
ബഹറിനിൽ ഉള്ള എന്റെ ഒരു സ്നേഹിതൻ അയച്ചുതന്ന ഒരു വീഡിയോയാണ്..
ഒരു ടി.പി.എം കൺവെൻഷനിൽ ഒരാൾ പറയുന്ന സാക്ഷ്യമാണ്...
അതാണ് സൂപ്പർ സ്റ്റാൻഡ് അപ്പ് കോമഡി...
രാവിലെ ഒരുപാട് ചിരിച്ചപ്പോൾ ഓർമ്മകളുടെ അകലങ്ങളിലേക്ക് മനസ്സ് പറന്നുപോയി...

നമ്മുടെ സഭായോഗങ്ങളിലെ മിക്ക സാക്ഷികളും നല്ല ഒന്നാന്തരം സ്റ്റാൻഡ്അപ്പ് കോമഡികളാണ്.

നിങ്ങൾക്ക് ഓരോരുത്തർക്കും,
കണ്ടതും കേട്ടതും പലതും പറയാൻ കാണും.
എന്റെ വക ഒരെണ്ണം മാത്രം പറഞ്ഞ് ആ ഭാഗം നിർത്താം.

പണ്ടൊരു അമ്മച്ചി,
രാവിലെ സഭായോഗത്തിന് പോകുകയാണ്..
ഇടവഴിയിലൂടെ മുന്നോട്ട് നീങ്ങിയപ്പോൾ
മുമ്പിൽ ഒരു വലിയ മൂർഖൻ പാമ്പിനെ കണ്ട് അമ്മച്ചി ഭയന്നോടി...
ആ മൂർഖൻ പാമ്പിന്റെ കയ്യിൽ നിന്ന് രക്ഷപ്പെട്ട സന്തോഷത്തോടെ അന്ന് സഭായോഗത്തിന് എഴുന്നേറ്റ് സാക്ഷ്യം പറഞ്ഞു...

'പ്രിയമുള്ളവരെ ഞാൻ ഇങ്ങോട്ട് വന്നപ്പോൾ ഒരു വലിയ മൂർഖൻ പാമ്പിന്റെ കടിയിൽനിന്ന് രക്ഷപ്പെട്ടു.
ഞാൻ അതിനെ ചവിട്ടേണ്ടതായിരുന്നു,.
പാമ്പിനെ കണ്ടതും 'ഞാൻ പേടിച്ചോടി പൊത്തിലും കേറി... പാമ്പ് ഓടി അവറാന്റെ വീട്ടിലും കയറി..'
പറഞ്ഞത് തിരിഞ്ഞ് പോയി...
സഭാ ഹോളിൽ ചിരി മുഴങ്ങി...

ക്രിസ്തീയ പാട്ടിന്റെ ട്യൂൺ ഉള്ള മലയാളം സിനിമ പാട്ട് എത്ര അമ്മച്ചിമാരെ കൊണ്ട് വിരുതന്മാർ പാടിപ്പിച്ചിട്ടുണ്ട്....
കഥ ഇങ്ങനെ നീട്ടാം...
തെറ്റിച്ച് ബൈബിൾ വാക്യങ്ങൾ വായിക്കുന്ന വരുടെ കഥ വേറെയും...!

ചില പ്രസിദ്ധ കൺവെൻഷൻ പ്രസംഗകർ നല്ല ഒന്നാന്തരം സ്റ്റാൻഡ്അപ്പ് കോമഡിക്കാരാണ്...
അവരൊക്കെ മനോരമ ചാനലിൽ പോയാൽ
ലക്ഷങ്ങൾ കൊണ്ട് തിരിച്ചുവരാം...

നാവു പിഴ ഒരു പിഴയാണോ??

കൈവിട്ട കല്ലും വാവിട്ട വാക്കും ഒരിക്കലും തിരിച്ചു പിടിക്കാൻ കഴിയില്ല...
അതുകൊണ്ട് അല്പം കൂടെ സംയമനം പാലിക്കുന്നത് നല്ലതാണ്.
ആവേശം നല്ലതാണ് അമിതാവേശം കുറയ്ക്കുക.
ജനങ്ങളെ ഒരുമിച്ചു കാണുമ്പോൾ ഉള്ള സഭാകമ്പത്തിൽ നിന്ന് പുറത്തു വരിക..
പൊതുയോഗങ്ങളിൽ ചീഞ്ഞ കോമഡി ഒഴിവാക്കുക....

നല്ല തമാശകൾ നമുക്ക് ആസ്വദിക്കാം...
ഒരു ചിരി,
ഇരു ചിരി,
ബംബർ ചിരി....
പെന്തക്കോസ്ത് ചിരി ??

ക്രിസ്ത്യൻ ലൈവ് DAILY
ON THE BATTLEFIELD FOR THE GREAT COMMISSION
06
05 MARCH 2024
VOL 03 | ISSUE 064 | 763

# ഏദനിൽ ബ്രിട്ടീഷ് കപ്പലുകൾക്ക് നേരെ ആക്രമണം



സന: ഏദൻ ഉൾക്കടലിൽ ബ്രിട്ടീഷ് കപ്പലുകൾ ലക്ഷ്യമിടുന്നത് തുടരുമെന്ന് യെമനിലെ ഇറാൻ പിന്തുണയുള്ള ഹൂതികൾ പ്രഖ്യാപിച്ചു. ഫെബ്രുവരി 18 ന് യെമനിലെ ഹൂതി തീവ്രവാദികൾ തൊടുത്തുവിട്ട കപ്പൽ വേധ ബാലിസ്റ്റിക് മിസൈൽ ഇടിച്ചാണ് യുകെയുടെ ഉടമസ്ഥതയിലുള്ള റൂബിമർ കപ്പൽ മുങ്ങിയതെന്ന് യുഎസ് സൈന്യം സ്ഥിരീകരിച്ചതിന് പിന്നാലെയാണ് കൂടുതൽ ആക്രമണങ്ങളുണ്ടാകുമെന്ന ഭീഷണി.

# ഭക്ഷണത്തിന്റെ ലഭ്യതക്കുറവ്; അടിയന്തിരമായി വെടിനിർത്തൽ വേണമെന്ന് ഗാസയിലെ വൈദികൻ



ഗാസ ; ഗാസയിൽ യു. എൻ സഹായ വാഹനവ്യൂഹത്തിനു നേരെയുണ്ടായ ആക്രമണം ഭക്ഷണത്തിന്റെ ആവശ്യകതയും അടിയന്തരമായ വെടിനിർത്തലുമാണ് ആവശ്യപ്പെടുന്നതെന്ന് ഗാസയിലെ പാസ്റ്റർ. വാഹനവ്യൂഹത്തിനു നേരെയുണ്ടായ ആക്രമണത്തിൽ 112 പേർ മരിക്കുകയും 760ലധികം പേർക്ക് പരിക്കേൽക്കുകയും ചെയ്തിരുന്നു. സംഭവത്തിൽ ഹമാസും ഇസ്രായേലും പരസ്പരം കുറ്റപ്പെടുത്തുകയാണ്.

സഹായവുമായി വന്ന 30 ലോറികളുടെ വാഹനവ്യൂഹമാണ് ആക്രമിക്കപ്പെട്ടത്. ഈ സംഭവത്തിനു പിന്നാലെ കൂടുതൽ അനർഥങ്ങൾ ഒഴിവാക്കാൻ സഹായം അയയ്ക്കുന്നത് ഐക്യരാഷ്ട്ര സഭ നിർത്തിവച്ചിരിക്കുകയാണ്.



# കുഞ്ഞുങ്ങൾ, കുടുംബങ്ങളുടെയും, ലോകത്തിൻറെയും, സഭയുടെയും ആനന്ദം:പാപ്പാ

വത്തിക്കാൻ സിറ്റി : മെയ് 2526 തീയതികളിൽ റോം വേദിയാക്കി ആചരിക്കുന്ന കുട്ടികളുടെ ഒന്നാം ലോകദിനത്തിന് ശനിയാഴ്ച നല്കിയ സന്ദേശത്തിലാണ് ഫ്രാൻസീസ് പാപ്പാ ഇപ്രകാരം പറഞ്ഞിരിക്കുന്നത്.

മാതാപിതാക്കളുടെയും കുടുംബങ്ങളുടെയും ലോകത്തിന്റെയും സഭയുടെയും ആനന്ദമായ കുഞ്ഞുങ്ങൾ ഇന്ന് യുദ്ധത്തിൻറെയും അക്രമത്തിന്റെയും പട്ടിണിയുടെയും പിടിയിലമരുന്നതും തെരുവുകളിൽ കഴിയേണ്ടിവരുന്നതും സൈന്യത്തിൽ ചേരാൻ നിർബന്ധിതരാകുന്നതും വിവിധങ്ങളായ സാമൂഹ്യ തിന്മകളെ നേരിടേണ്ടിവരുന്നതിലൂടെയും ദൈവദൃഷ്ടിയിൽ വിലപ്പെട്ടവരായ കുഞ്ഞുങ്ങളുടെ ബാല്യം നിഷ്ഠൂരം കവർച്ചചെയ്യപ്പെടുന്നുവെന്നും മാർപ്പാപ്പാ തന്റെ സന്ദേശത്തിൽ അനുസ്മരിക്കുന്നു.

നാമെല്ലാവരും മക്കളും സഹോദരങ്ങളുമാണെന്നും ആരും ലോകത്തിലേക്കാനയിക്കാത്ത പക്ഷം ആർക്കും അസ്തിത്വമില്ലെന്നും സ്നേഹം നല്കുകയും സ്വീകരിക്കുകയും ചെയ്യാതെ ആർക്കും വളരാനാവില്ലെന്നും കുട്ടികൾ നമ്മെ ഓർമ്മിപ്പിക്കുന്നുവെന്ന് പാപ്പാ സന്ദേശത്തിൽ എഴുതുന്നു.

നമ്മെ സദാ സ്നേഹിക്കുന്ന ദൈവം ഒരു അപ്പന്റെ സ്നേഹത്തോടും അമ്മയുടെ ആർദ്രതയോടും കൂടി നമ്മെ നോക്കുന്നുവെന്ന് പാപ്പാ കുഞ്ഞുങ്ങൾക്ക് ഉറപ്പുനല്കുന്നു.

## പ്രവേശനം സൗജന്യം

ഒരു മനുഷ്യൻ ഒരു മൃഗശാല ആരംഭിച്ചു. പ്രവേശന ഫീസായി മുന്നൂറ് രൂപയും നിശ്ചയിച്ചു. പക്ഷേ ആരും അവിടെ കയറിയതേയില്ല.

കുറെ ദിവസം കഴിഞ്ഞപ്പോൾ അയാൾ അത് 200 രൂപയായി കുറച്ചു . എന്നിട്ടും ആരും തിരിഞ്ഞു പോലും നോക്കിയില്ല.

ഒടുവിൽ അയാൾ ഫീസ് പത്ത് രൂപയാക്കി കുറച്ചെങ്കിലും ആളുകൾ വന്നില്ല. സഹികെട്ട് ആ മനുഷ്യൻ മൃഗശാലയുടെ കവാടത്തിൽ എഴുതി വെച്ചു: **പ്രവേശനം സൗജന്യം**

താമസിയാതെ മൃഗശാല ആളുകളെക്കൊണ്ട് നിറഞ്ഞു.

അയാൾ നിശബ്ദമായി മൃഗശാലയുടെ ഗേറ്റ് പൂട്ടി. സിംഹങ്ങളെ തുറന്നുവിട്ടു. എന്നിട്ട് വിളിച്ചു പറഞ്ഞു: എക്സിറ്റ് ഫീ 500 രൂപ!

ഒരാൾ പോലും പണം കൊടുക്കാതിരുന്നില്ല! ജീവനെ പേടിച്ച് എല്ലാവരും പണം നൽകി വളരെ വേഗം പുറത്തിറങ്ങി!

# വർഗീയ ശക്തികൾക്ക് എതിരെ പെന്തകോസ്ത് സമൂഹം ഒന്നിച്ചു നിൽക്കണം: മന്ത്രി വി. എൻ. വാസവൻ




കോട്ടയം: രാജ്യത്ത് വർഗീയ ഫാസിസ്റ്റ് ശക്തികൾ ക്രൈസ്തവ വിശ്വാസത്തെയും ആരാധനയെയും തടസ്സപ്പെടുത്തുന്നത് അടിയന്തിരമായി നിർത്തലാക്കണമെന്ന് മന്ത്രി വി എൻ വാസവൻ. യുണൈറ്റഡ് പെന്തകോസ്ത് സിനഡിന്റെ കോട്ടയം ജില്ലാ സമ്മേളനം കെ പി എസ് മേനോൻ ഹാളിൽ ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

ചെറിയ ഗ്രൂപ്പുകളായി നിൽക്കുന്ന പെന്തകോസ്ത് വിശ്വാസികൾ ഒന്നിച്ച് അണിനിരക്കുന്നത് അംഗീകരമാണ്. ഇന്ത്യൻ ഭരണഘടന അനുവദിക്കുന്ന സ്വാതന്ത്ര്യം പൂർണ്ണാർത്ഥത്തിൽ അനുഭവിക്കുവാനുള്ള സംരക്ഷണം പെന്തകോസ്ത് വിശ്വാസികൾക്ക് ലഭിക്കണം. രാജ്യത്ത് മിഷനറിമാരെ ക്രൂരമായി മർദ്ധിക്കുകയാണ്; പള്ളികൾ തകർക്കുകയാണ്; ഇത്തരം പ്രവണതകൾ അംഗീകരിക്കാൻ ആർക്കും പറ്റുകയില്ല. കേരളത്തിൽ ഇത്തരം സംഭവങ്ങൾ ഉണ്ടാകാൻ അനുവദിക്കുകയില്ല. പെന്തകോസ്ത് വിശ്വാസികളുടെ ന്യായമായ വിഷയങ്ങൾ സംസ്ഥാന സർക്കാർ പരിഹരിക്കും മന്ത്രി പറഞ്ഞു. രാവിലെ ഒമ്പതിന് ആരംഭിച്ച പ്രാർത്ഥനക്കും തുടർന്ന് നടന്ന കോട്ടയം ജില്ലാ സമ്മേളനത്തിലും ബ്രദ. ഗ്ലാഡ്സൺ ജേക്കബ് അധ്യക്ഷത വഹിച്ചു. പെന്തകോസ്ത് സഭാനേതാക്കളായ ബാബു പറയത്തുകാട്ടിൽ, പാസ്റ്റർമാരായ ഒ എം രാജുക്കുട്ടി,ബാബു ജോർജ്, അനി ജോർജ്, ഡോ. ബോസ്സ്, എബ്രഹാം, ടി വി പോത്തൻ, കെ സി സണ്ണിക്കുട്ടി, ജോയി താണുവേലിൽ, അഡ്വ. സണ്ണി പാമ്പാടി, പീറ്റർ മാത്യു, ടോം മാത്യു തുടങ്ങിയവർ പ്രസംഗിച്ചു

# 21.7 ദശലക്ഷം നൈറയുടെ ബൈബിളുകൾ വിതരണം ചെയ്തു

ലാഗോസ്: സൗജന്യ ബൈബിൾ വിതരണയജ്ഞത്തിന്റെ ഭാഗമായി നൈജീരിയയിലെ ബൈബിൾ സൊസൈറ്റി കഴിഞ്ഞ വർഷം വിതരണം ചെയ്തത് 21.7 ദശലക്ഷം നൈജീരിയൻ നൈറയുടെ ബൈബിളുകൾ. ജയിൽ തടവുകാർ ഉൾപ്പെടെയുള്ളവർക്കു ബൈബിളുകൾ എത്തിച്ചതായി അധികൃതർ പറയുന്നു. അന്ധരായവർക്ക് വേണ്ടി നൂറ്റിയൻപതോളം ബ്രെയിലി ബൈബിളുകളും ബൈബിൾ സൊസൈറ്റി വിതരണം ചെയ്തിരിന്നു. സൗജന്യ ബൈബിൾ വിതരണത്തിലൂടെയും മറ്റ് പരിപാടികളിലൂടെയും, ദൈവവചനം അനേകർക്ക് ലഭ്യമാക്കാൻ വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ചു വരികയാണെന്നും നൈജീരിയയിലെ ബൈബിൾ സൊസൈറ്റി വ്യക്തമാക്കി.

# നോയിഡയിൽ ഹാർവെസ്റ്റ് മിഷൻ ഫെസ്റ്റിവൽ

ഡൽഹി : ഹാർവെസ്റ് മിഷൻ ഫെസ്റ്റിവൽ ഡൽഹി ഗ്രെയ്റ്റർ നോയിഡയിലുള്ള സഭാ ആസ്ഥാനത്ത് ആരംഭിച്ചു. പ്രസിഡണ്ട് റവ. ബാബു ജോൺ ഉദ്ഘാടനം ചെയ്ത ഫെസ്റ്റിവൽ മാർച്ച് പത്തിന് അവസാനിക്കും

പത്തിന് വെകിട്ട് നടക്കുന്ന ഗ്രാജുവേഷൻ സർവ്വീസിന് പ്രിൻസിപ്പൾ ഡോ.ബിജു ജോൺ നേതൃത്വം നൽകും. റവ. സണ്ണി താഴാംപള്ളം, റവ. പ്രിൻസ് തോമസ്, ഡോ.ജോളി ജോസഫ്, ഡോ. ഓമന റസ്സൽ, റവ. ഷാജി യോഹന്നാൻ, ഡോ. ജാബേഷ് ജോൺ തുടങ്ങിയവർ പ്രസംഗിക്കും.എച്ച് എം സി ഗായകസംഘം ആരാധനക്ക് നേതൃത്വം നൽകും. ദിവസവും രാവിലെ ഒമ്പതിന് വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള ശുശ്രൂഷകന്മാർക്കുള്ള സെമിനാറും വൈകിട്ട് ആറിന് പൊതുയോഗങ്ങളും നടക്കും. ഞായറാഴ്ച്ച രാവിലെ നടക്കുന്ന സംയുക്ത ആരാധനയിൽ പാസ്റ്റർ ബിജു ജോൺ അധ്യക്ഷത വഹിക്കും. പാസ്റ്റർ ബാബു ജോൺ കർതൃമേശയ്ക്ക് നേതൃത്വം നൽകും.

പത്തിന് വൈകിട്ട് നാലിന് ഹാർവെസ്റ് മിഷൻ കോളേജിന്റെ ഇരുപത്തിമൂന്നാമത് ബിരുദദാന ശ്രുശ്രുഷകൾ ആരംഭിക്കും.രജിസ്ട്രാർ റവ. സിജു എബ്രഹാം, വൈസ് പ്രിൻസിപ്പാൾ റവ . ജോയ് ഇ . ആർ, അദ്ധ്യാപകൻ ബ്ലെസ്സൺ ജി. സാമുവേൽ എന്നിവർ നേതൃത്വം നൽകും

# ജെ ബി കോശി കമ്മീഷൻ ശുപാർശകൾ പരിശോധിക്കാൻ കമ്മറ്റിയെ നിയമിച്ച നടപടി സ്വാഗതം ചെയ്യുന്നു: കെസിസി



തിരുവല്ല: ക്രിസ്ത്യൻ ന്യൂനപക്ഷങ്ങളുടെ പിന്നോക്കാവസ്ഥയെ കുറിച്ച് പഠിക്കാൻ നിയോഗിച്ച ജെ ബി കോശി കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകൾ നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ക്രൈസ്തവ സഭകളും കേരള കൗൺസിൽ ഓഫ് ചർച്ചസും നിരന്തരമായി ആവശ്യപ്പെടുകയും പ്രതിഷേധിക്കുകയും ചെയ്തതിനെ തുടർന്ന് റിപ്പോർട്ടിലെ ശുപാർശകൾ പരിശോധിച്ച് അഭിപ്രായം സമർപ്പിക്കാൻ ചീഫ് സെക്രട്ടറി അധ്യക്ഷനായി കമ്മിറ്റിയെ നിയോഗിച്ച സർക്കാർ നടപടിയെ കേരള കൗൺസിൽ ഓഫ് ചർച്ചസ് സ്വാഗതം ചെയ്യുന്നു എന്ന് ജനറൽ സെക്രട്ടറി ഡോ. പ്രകാശ് പി. തോമസ് പ്രസ്താവനയിൽ അറിയിച്ചു. റിപ്പോർട്ട് സമർപ്പിച്ച് ഒരു വർഷം കഴിഞ്ഞിട്ടും നടപടികൾ സ്വീകരിക്കാതിരുന്ന വീഴ്ച മറച്ചുവെക്കുന്നതിനും തെരഞ്ഞെടുപ്പ് അടുത്ത സമയത്ത് ക്രൈസ്തവ സമൂഹത്തെ ആശ്വസിപ്പിക്കുന്നതിനും ഉള്ള നടപടിയായി ഇത് മാറില്ല എന്ന് കരുതുന്നു. മുഖ്യമന്ത്രിക്ക് സമർപ്പിച്ച റിപ്പോർട്ട് അഭിപ്രായം അറിയിക്കുന്നതിനായി വിവിധ വകുപ്പുകൾക്ക് അയച്ചു കൊടുത്തിട്ടും നാളിതുവരെയായി സർക്കാർ വകുപ്പുകൾ പ്രതികരിച്ചില്ല എന്നത് ക്രൈസ്തവ സമൂഹത്തിന് അനുകൂലമായി നടപ്പിലാക്കേണ്ടുന്ന പദ്ധതികൾ ഇല്ലാതാക്കുന്നതിന് പ്രവർത്തിക്കുന്ന ഒരു ലോബി സെക്രട്ടറിയേറ്റ് കേന്ദ്രമായി പ്രവർത്തിക്കുന്നു എന്ന സംശയം വർധിപ്പിക്കുന്നു. തെരഞ്ഞെടുപ്പ് സമയത്ത് കണ്ണിൽ പൊടിയിടാൻ ഉള്ള നീക്കമായി ഇതിനെ കരുതാതിരിക്കണമെങ്കിൽ റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുള്ള അടിയന്തര പ്രാധാന്യമർഹിക്കുന്ന കാര്യങ്ങൾ ആയ ദളിത് ക്രൈസ്തവ വിദ്യാർത്ഥികളുടെ ആനുകൂല്യങ്ങൾ പിൻവലിച്ചത് തിരിച്ചു നൽകുവാനും ന്യൂനപക്ഷ വിദ്യാഭ്യാസ സ്കോളർഷിപ്പ് പ്രശ്നത്തിൽ സംസ്ഥാന സർക്കാർ ക്രൈസ്തവ സമൂഹത്തിനെതിരായി സുപ്രീംകോടതിയിൽ നൽകിയ അപ്പീൽ പിൻവലിക്കുന്നതിനും പാർലമെന്റ് തിരഞ്ഞെടുപ്പ് പ്രഖ്യാപിക്കുന്നതിന് മുമ്പ് സർക്കാർ തയ്യാറാകണം. കേരള കൗൺസിൽ ഓഫ് ചർച്ചസ് നടത്തിയ അവകാശ സംരക്ഷണ നീതി യാത്രയിൽ പറഞ്ഞിരിക്കുന്ന ആവശ്യങ്ങളായ ജസ്റ്റിസ് ജെ ബി കോശി കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുക, ന്യൂനപക്ഷ വിദ്യാഭ്യാസ സ്കോളർഷിപ്പ് വിഷയത്തിൽ സർക്കാർ ക്രൈസ്തവ സമൂഹത്തിനെതിരായി സുപ്രീംകോടതിയിൽ നൽകിയ അപ്പീൽ പിൻവലിക്കുക, ദളിത് ക്രൈസ്തവ വിദ്യാർത്ഥികളുടെ നിഷേധിച്ച ആനുകൂല്യങ്ങൾ തിരിച്ച് നൽകുക, ക്രൈസ്തവ പൂർണ്ണസമയ സുവിശേഷ പ്രവർത്തക ക്ഷേമനിധി ബോർഡ് ഏർപ്പെടുത്തുക എന്നീ ആവശ്യങ്ങൾ അംഗീകരിക്കപ്പെടുന്നത് വരെ വിവിധ സമര പ്രചാരണ പരിപാടികളുമായി കേരള കൗൺസിൽ ഓഫ് ചർച്ചസ് മുൻപോട്ട് പോകും എന്നും ജനറൽ സെക്രട്ടറി അറിയിച്ചു.

# മനാമയിൽ മുട്ടം ഗീവർഗീസ് അനുസ്മരണവും സംഗീത വിരുന്നും



മനാമ : മനാമ സെന്റ് ക്രിസ്റ്റഫെർ കത്തീഡ്രൽ എ എം ഹാളിൽ മുട്ടം ഗീവർഗീസ് അനുസ്മരണവും സംഗീത വിരുന്നും നടന്നു. ചർച്ച് ഓഫ് ഗോഡ് ഫുൾ ഗോസ്പൽ ഇൻ ബഹ്റൈനും ബഥേൽ റെൻ മ്യൂസിക്കും സംയുക്തമായാണ് പ്രോഗ്രാം സംഘടിപ്പിച്ചത്. ബഹ്റൈനിലെ ക്രൈസ്തവ സഭകളും സംഘടനകളും പങ്കെടുത്തു. യോഗത്തിൽ റെൻ മ്യൂസിക്കിന്റെ സംഗീത സംഘമാണ് ഗാനങ്ങൾ ആലപിച്ചത്.

# 7 രാജ്യക്കാരുടെ വീസ വിലക്ക് നീക്കി

കുവൈറ്റ് സിറ്റി : പാകിസ്ഥാൻ ഉൾപ്പെടെ 7 രാജ്യക്കാർക്ക് കുവൈറ്റ് ഏർപ്പെടുത്തിയിരുന്ന കുടുംബ,സന്ദർശക വീസ വിലക്ക് നീക്കി.സിറിയ , യമൻ, അഫ്ഗാനിസ്ഥാൻ ,ഇറാഖ്,ഇറാൻ, സുഡാൻ എന്നിവയാണ് മറ്റ് രാജ്യങ്ങൾ.ഇന്ന് മുതൽ ഈ രാജ്യക്കാരുടെ വീസ അപേക്ഷ സ്വീകരിക്കും.വിവിധ കാരണങ്ങളാൽ 2 വർഷം മുൻപ് നിർത്തിവച്ചിരുന്ന ഫാമിലി വിസിറ്റ് വീസകൾ കഴിഞ്ഞ മാസം ഭാഗികമായി പുനരാരംഭിച്ചിരുന്നു

# ശാരോൻ ഫെലോഷിപ്പ് ചർച്ച് ന്യൂസീലാൻഡ് & ഓസ്ട്രേലിയ റീജിയൻ ഉത്ഘാടന സമ്മേളനം

ഹാമിൽട്ടൺ : ശാരോൻ ഫെലോഷിപ്പ് ചർച്ച് ന്യൂസീലാൻഡ് & ഓസ്ട്രേലിയ റീജിയൻ ഉത്ഘാടന സമ്മേളനം മാർച്ച് 29 മുതൽ 31 വരെ ഹാമിൽട്ടൻ 3204 ഡിൻസ്ഡെയിലിൽ നടക്കും. പാ. ജോൺ തോമസ്, പാ. എബ്രഹാം ജോസഫ് (SFC നാഷണൽ പ്രസിഡന്റ്), പാ. ഫിന്നി ജേക്കബ് (ടഎഇ വൈസ് പ്രസിഡന്റ്) എന്നിവർ സന്നിഹിതരായിരിക്കുന്ന യോഗങ്ങളിൽ ജേക്കബ് ജോർജിനോടൊപ്പം ശാരോൻ ഫെലോഷിപ്പ് റീജിയൻ ക്വയർ ഗാന ശുശ്രൂഷയ്ക്ക് നേതൃത്വം നൽകും. പാ. സാം പത്തനാവിളയിൽ (ന്യൂസീലാൻഡ് / ഓസ്ട്രേലിയ റീജിയൻ പ്രസിഡന്റ്), പാ. ടിബി സാമുവേൽ (ന്യൂസീലാൻഡ് / ഓസ്ട്രേലിയ റീജിയൻ വൈസ് പ്രസിഡന്റ്), പാ. ചാക്കോ മാമ്മൻ (ജനറൽ സെക്രട്ടറി / ഓസ്ട്രേലിയ) എന്നിവർ നേതൃത്വം നൽകും.

# മാർത്തോമ്മാ സുവിശേഷ സേവികാ സംഘം സൗത്ത് വെസ്റ്റ് മേഖല സമ്മേളനം

ഡാളസ് : നോർത്ത് അമേരിക്ക മാർത്തോമാ ഭദ്രാസനം സുവിശേഷ സേവികാ സംഘം സൗത്ത് വെസ്റ്റ് മേഖല സമ്മേളനം സംഘടിപ്പിക്കുന്നു. മാർച്ച് 5 ചൊവ്വാഴ്ച, വൈകുന്നേരം 7.30ന് സൂം ഫ്ളാറ്റ്ഫോമിൽ ചേരുന്ന സമ്മേളനത്തിൽ സുവിശേഷ പ്രാസംഗീകനും, ബൈബിൾ പണ്ഡിതനുമായ ഡോ. വിനോ ജോൺ ഡാനിയേൽ (മെഡിക്കൽ ഡയറക്ടർ, ഫിലാഡൽഫിയ, യുഎസ്എ) മുഖ്യസന്ദേശം നൽകുന്നു. 'ഞാൻ എവിടെയായിരുന്നാലും ദൈവം ആഗ്രഹിക്കുന്നിടത്തേക്ക്' എന്നതാണ് ചിന്താവിഷയം.

Meeting ID :769 985 0156
Password: 123456

## ഫ്രാൻസിൽ നിന്നും യു.കെയിലേക്ക് കുടിയേറ്റം : ബോട്ട് മുങ്ങി 7 വയസുള്ള പെൺകുട്ടി മരിച്ചു

ലണ്ടൻ : ഫ്രാൻസിൽ നിന്നും യു കെ യിലേക്കുള്ള അനധികൃത കുടിയേറ്റത്തിനായി ശ്രമിച്ച സംഘത്തിലെ ഏഴ് വയസുള്ള പെൺകുട്ടി ബോട്ട് മുങ്ങി മരിച്ചു. ഫ്രാൻസിലെ ഡൺകിർക്കിന് സമീപമാണ് ബോട്ട് മുങ്ങിയത്.ഇംഗ്ലീഷ് ചാനലിലൂടെ അനധികൃത കുടിയേറ്റം നടത്താനാണ് പെൺകുട്ടിയടക്കം 16 പേർ ശ്രമിച്ചത്.ഇത്രയും യാത്രക്കാരെ വഹിക്കാനുള്ള ശേഷി ബോട്ടിനില്ലായിരുന്നു എന്നാണ് പുറത്തുവരുന്ന വിവരം. മൂന്ന് കുട്ടികളുമായി യാത്ര ചെയ്യുകയായിരുന്ന പെൺകുട്ടിയുടെ മാതാപിതാക്കളെ ഡൺകിർക്കിലെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. മോഷ്ടിക്കപ്പെട്ട ബോട്ട് ഉപയോഗിച്ചാണ് അനധികൃത കുടിയേറ്റത്തിനു ശ്രമിച്ചത്. അപകടത്തെ തുടർന്നു ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ട മറ്റുള്ളവരുടെ ആരോഗ്യസ്ഥിതി തൃപ്തികരമാണ്. സംഭവത്തെ തുടർന്നു നിരവധി പേരെ കസ്റ്റഡിയിൽ എടുത്തതായി ഡൺകിർക്കിലെ പ്രോസിക്യൂട്ടർമാർ പറഞ്ഞു.

## ജരൻവാല കലാപം: വ്യാജ കേസിൽ പ്രതിചേർത്ത ക്രൈസ്തവർക്ക് മോചനം

ലാഹോർ: പാക്കിസ്ഥാനിലെ ജരൻവാലയിൽ കലാപത്തിനു കാരണക്കാരെന്ന് ആരോപിക്കപ്പെട്ട ക്രൈസ്തവ സഹോദരങ്ങളെ പാക്കിസ്ഥാൻ കോടതി കുറ്റവിമുക്തരാക്കി. ഇസ്ലാം മതസ്ഥർ വ്യക്തിവിരോധം തീർക്കുകയായിരുന്നുവെന്ന് കണ്ടെത്തിയ ഫൈസലാബാദിലെ തീവ്രവാദ വിരുദ്ധ കോടതി ഇവരെ കുറ്റവിമുക്തരാക്കുകയായിരിന്നു. ഖുറാനെ അപമാനിച്ചുവെന്ന് ആരോപിച്ച് റോക്കി, രാജ എന്നീ സഹോദരങ്ങളെ മതനിന്ദ നിയമപ്രകാരമാണ് കേസെടുത്തത്. എന്നാൽ രണ്ടു ഇസ്ലാം മതവിശ്വാസികൾ ക്രൈസ്തവ സഹോദരങ്ങളോടുള്ള വ്യക്തിവിദ്വേഷം തീർക്കാനായി മതനിന്ദാ കേസിൽ കുടുക്കുകയായിരുന്നുവെന്ന് കോടതി കണ്ടെത്തി.

# നിത്യതയിൽ



തിരുവല്ല : ദി പെന്തകോസ്ത് മിഷൻ തിരുവല്ല സെന്റർ കറ്റോട് സഭാംഗം തൈക്കാട്ടിൽ ബേതെൽ ഭവനിൽ വില്ല്യം വർക്കിയുടെ ഭാര്യ **ഗ്രേസ് വില്ല്യം വർക്കി** (62) നിര്യാതയായി. സംസ്കാരം മാർച്ച് 6 ബുധൻ രാവിലെ 9 ന് ഭവനത്തിലെ ശുശ്രൂഷകൾക്ക് ശേഷം കറ്റോട് റ്റി. പി. എം സഭാ സെമിത്തേരിയിൽ. ചെങ്ങന്നൂർ പള്ളിത്താഴയിൽ കുടുംബാംഗമാണ്.



ന്യൂജേഴ്സി : ചെങ്ങന്നൂർ പുത്തൻകാവ് തട്ടയിൽ തോമസ് വർഗീസിന്റെ ഭാര്യ ചിന്നമ്മ തോമസ് (80) ന്യൂ ജേഴ്സിയിൽ അന്തരിച്ചു.പരേത കടശനാട് തെറ്റിവിള കിഴക്കേതിൽ കുടുംബാംഗമാണ്. പൊതു ദർശനം മാർച്ച് 7 ന് നാലു മുതൽ 8 വരെ.സംസ്കാര ശുശ്രൂഷ : മാർച്ച് 8 രാവിലെ 10 മണിക്ക് സെന്റ് ജോൺസ് ഓർത്തഡോക്സ് ചർച്ച്, 331ബ്ലെയ്സ്ഡെൽ റോഡ്,ഓറഞ്ച്ബർഗ്,ന്യൂയോർക്ക്10962.സംസ്കാരം ടാപ്പൻ റിഫോംഡ് ചർച്ച് സെമിത്തേരി.

## മാട്രിമോണിയൽ

യുകെയിലുള്ള പെന്തക്കോസ്ത് യുവതി (26, ബി എസ് സി നേഴ്സ്, 157 cm) ക്ക് ആത്മിയരായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.
ഫോൺ: +91 96564 04296, +44 7867 038800






തയ്യാറാക്കിയത്:
സിസ്റ്റർ രേഖ സജിമോൻ

### ഇന്നത്തെ ചോദ്യങ്ങൾ

വായന ഭാഗം: യെശയ്യാവ് 1 - 3

1. യെശയ്യവിന്റെ പിതാവിന്റെ പേരെന്ത്?
2. ചണനാരുപോലെ ആയിത്തീരുന്നതാര്?
3. സൈന്യങ്ങളുടെ കർത്താവു പ്രഭുക്കന്മാരാക്കി വെക്കുന്നത് ആരെ?
4. മുടിഞ്ഞു പോകുന്നതാണ്?
5. ഹിമം പോലെ വെളുക്കുന്നത് എന്ത്?

### ഇന്നലത്തെ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ

1. മതിലിന്റെ 12 അടിസ്ഥാനത്തിൽ (21:14)
2. പ്രവചനം ( 22:10)
3. രാജാധി രാജാവും കർത്താധി കർത്താവും (19:16)
4. ഭാഗ്യവാനും വിശുദ്ധനും (20:6)
5. ദൈവ തേജസ് ഉള്ളതായി (21:10)

CHRISTIAN LIVE DAILY
05 MARCH 2024
VOL 03
ISSUE 064 | 763
ON THE BATTLEFIELD FOR THE GREAT COMMISSION

www.christianlive.in
cnl7news@gmail.com
+91 98465 52220

